പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1059 — 05.03.2020 ൽ മറുപടിക്ക്

**ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ വെട്ടിക്കുറക്കുവാനുള്ള നീക്കം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നുള്ള ദീർഘദൂര ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ വെട്ടിക്കുറക്കുവാനുള്ള റെയിൽവെ ബോർഡിന്റെ നീക്കം യാത്രക്കാർക്ക് ദുരിതം ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെന്നൈ-തിരുവനന്തപുരം, ആലപ്പുഴ-ചെന്നൈ, മാവേലി, മലബാർ എക്സ്പ്രസ്സ് മുതലായ ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ കുറച്ചത് മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നും, കണ്ണൂർ തിരുവനന്തപുരം ജനശതാബ്ദി, അമൃത എക്സ്പ്രസ്, എറണാകുളം നിസാമുദ്ദീൻ മില്ലേനിയം എക്സ്പ്രസ്, കൊച്ചുവേളി-ഡറാഡൂൺ എക്സ്പ്രസ്, കന്യാകുമാരി - മുബൈ ജയന്തി ജനത എക്സ്പ്രസ് മുതലായ ട്രെയിനുകളിൽ കൂടുതൽ കോച്ചുകൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.<br>സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കാരണം ചില ട്രെയിനുകളിൽ വെട്ടിക്കുറച്ച ബോഗികൾ പുന:സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിലൂടെ കടന്നു പോകുന്ന 7 ട്രെയിനുകളിൽ ഓരോ എ.സി. ത്രീ ടയർ കോച്ച് അധികമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ചെന്നൈ-തിരുവനന്തപുരം, ആലപ്പുഴ-ചെന്നൈ, മാവേലി, മലബാർ എക്സ്പ്രസ്സ് ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ കുറച്ചത് മൂലം ഉള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ